(ബി) ഇക്കാര്യം അന്വേഷിച്ച് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും സ്റ്റൈപന്റും

5 (153) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഓരോ കോഴ്സിനും എത്ര രൂപ വീതമാണ് ലംപ്സംഗ്രാന്റും സ്റ്റൈപന്റും ഇനത്തിൽ നൽകുന്നത് ;

(ബി) ഇത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ലംപ്സംഗ്രാന്റും സ്റ്റൈപന്റും സമയത്തിന് നൽകുവാൻ സർക്കാർ എന്ത് നടപടികളാണ് ഈ അദ്ധ്യയന വർഷം സ്വീകരിച്ചിട്ടുള്ളത്. എന്തു തുക ഇതിനായി മാറ്റി വച്ചിട്ടുണ്ട് ;

(ഡി) സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ് എന്നിവ കാലാനുസൃതമായി പുതുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ഓരോ കോഴ്സിനും ലംപ്സംഗ്രാന്റും സ്റ്റൈപന്റും നൽകുന്നത് 18-10-1994 ലെ സ.ഉ.(കൈ) നം.39/94/പജ.പവ.വിവ. 17-9-1996-ലെ സ.ഉ.(കൈ) നം.47/96/പജ.പവ.വിവ. എന്നീ ഉത്തരവുകൾ പ്രകാരമാണ്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ യഥാസമയം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട പോസ്റ്റ് മെട്രിക് സ്ഥാപനങ്ങൾക്കും സ്കൂൾ തലത്തിൽ ലംപ്സംഗ്രാന്റ് വിതരണത്തിനാവശ്യമായ തുക എല്ലാ സ്കൂൾ അധികൃതർക്കും എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിലേയും പട്ടികവർഗ്ഗ വികസന വകുപ്പിലേയും താലൂക്ക് വികസന ആഫീസർമാർക്കും ജില്ലാ വികസന ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ആവശ്യത്തിലേക്കായി 2000-2001 വർഷം ബഡ്ജറ്റിൽ പ്ലാനിനത്തിൽ 1070 ലക്ഷം രൂപയും നോൺ പ്ലാനിനത്തിൽ 3803 ലക്ഷം രൂപയും മാറ്റി വച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

വകുപ്പ്	തുക (ലക്ഷത്തിൽ) രൂപ	
	പ്ലാൻ	നോൺപ്ലാൻ
പട്ടികജാതി വികസനം		
എസ്.സി. വിഭാഗം-പ്രീമെട്രിക് സ്റ്റഡീസ്	10	930
പോസ്റ്റ് മെട്രിക് സ്റ്റഡീസ്	1000	1350
ഒ.ഇ.സി./ ഒ.ബി.സി വിഭാഗം		
പ്രീമെട്രിക് സ്റ്റഡീസ്	2	242
പോസ്റ്റ് മെട്രിക് സ്റ്റഡീസ്	6	950
പട്ടിക വർഗ്ഗ വികസനം		
പ്രീമെട്രിക് സ്റ്റഡീസ്	ഇല്ല	231
പോസ്റ്റ് മെട്രിക് സ്റ്റഡീസ്	ഇല്ല	100
പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്ക്കൃത പദ്ധതി)	60	ഇല്ല

(ഡി) സ്റ്റൈപന്റും ലംപ്സംഗ്രാന്റും കാലാനുസൃതായി പുതുക്കുവാൻ വേണ്ട പദ്ധതികൾ സ്വീകരിച്ചു വരുന്നു.

പറവൂർ പട്ടികജാതി പെൺകുട്ടികളുടെ ഹോസ്റ്റൽ

6 (154) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ നിയോജകമണ്ഡലത്തിൽ പറവൂർ ഠൗൺ അതിർത്തിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പരിഹാരം കാണാൻ എന്തു നടപടി സ്വീകരിച്ചു ;

(ബി) ഈ ഹോസ്റ്റലിൽ എത്ര ജീവനക്കാരുണ്ട് ; എത്ര കുട്ടികൾ ഇവിടെ താമസിക്കുന്നുണ്ട് ; ഈ ഹോസ്റ്റലിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ ഹോസ്റ്റൽ സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള ബുദ്ധിമുട്ടുകളും പരാതികളും പരിഹരിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഡി) ഈ ഹോസ്റ്റലിന്റെ നടത്തിപ്പിനായി പ്രതിവർഷം എത്ര രൂപ ചെലവാകുന്നുണ്ട് ; ഹോസ്റ്റലിന്റെ ചുമതലമേൽനോട്ടം എന്നിവ ആർക്കാണ് ; ഇത് നിർവഹിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം എന്താണ് എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly